(സി)&(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

പോലീസ് വകുപ്പിലെ പ്രൊമോഷനുകൾ

53 (2982)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസ് ബറ്റാലിയനിലെ 1995 മുതലുള്ള ഡെപ്യൂട്ടി കമാൻഡന്റ് വേക്കൻസികൾ എന്തുകൊണ്ടാണ് നികത്താത്തത്;

(ബി) ഡിവൈ.എസ്.പി., എസ്.പി. എന്നീ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ പ്രൊമോഷൻ വഴി നിയമനം നൽകുന്നതിന് ഈ സർക്കാർ വന്നതിന്ശേഷം എത്ര തവണ ഡി.പി.സി. കൂടിയിട്ടുണ്ട്;

(സി) ആംഡ് പോലീസ് ബറ്റാലിയനിലെ എ.സി. മുതൽ കമാൻഡന്റ് വരെയുള്ളവരുടെ പ്രൊമോഷൻ നടത്തുന്നതിന് ഏറ്റവും അവസാനമായി ഡി.പി.സി. കൂടിയത് എന്നാണ്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഇക്കാര്യത്തിന് വേണ്ടി ഡി.പി.സി. കൂടിയിട്ടുണ്ടോ;

(ഡി) ആംഡ് പോലീസ് ബറ്റാലിയനിൽ എല്ലാ വർഷവും ഡി.പി.സി. കൂടാൻ വേണ്ട നടപടികൾ എടുക്കുമോ;

(ഇ) യഥാസമയം ഡി.പി.സി. കൂടാത്തതുകൊണ്ട് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതെ എത്രപേർ ആംഡ് പോലീസിൽ നിന്ന് എ.പി.ഐ., എ.സി. എന്നീ തസ്തികകളിൽ ഇരുന്ന് പെൻഷൻ ആകാൻ ഇടവന്നിട്ടുണ്ട്?

ഉത്തരം

(എ) സെലക്ട് ലിസ്റ്റ് നിലവിലില്ലാതിരുന്നതുകൊണ്ട്.

(ബി) എസ്.പി. വിഭാഗത്തിൽ 4 തവണയും ഡിവൈ.എസ്.പി. വിഭാഗത്തിൽ 5 തവണയും ഡി.പി.സി. കൂടിയിട്ടുണ്ട്.

(സി) അവസാനമായി 8.7.1999-ൽ ഹയർ ഡി.പി.സി. കൂടിയിട്ടുണ്ട്.

(ഡി) ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രൊമോഷന്റെ അർഹത പരിശോധിക്കുന്നത് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റികളാണ്.

ആംഡ് റിസർവ്വിലെ എച്ച്.സി.മാരുടെ ഒഴിവുകൾ

54 (2983)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ആംഡ് റിസർവ്വിൽ ഹെഡ് കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ ടെസ്റ്റ് ഏറ്റവും ഒടുവിലായി നടത്തിയത് എന്നാണ്;

(സി) ഹെഡ് കോൺസ്റ്റബിൾ ടെസ്റ്റ് ഇനി എന്നാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാലതാമസം കൂടാതെ ഈ ടെസ്റ്റ് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 75.

(ബി) 30.6.1996-ൽ

(സി) 1999 അവസാനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

കരീലക്കുളങ്ങര, കനകക്കുന്ന് പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം

55 (2984)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽപ്പെട്ട കരീലക്കുളങ്ങര, കനകക്കുന്ന് പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് 1999-2000-ാം ആണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലമെടുത്തിട്ടുണ്ടോ;

(സി) ഇതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടല്ലൂർ പഞ്ചായത്തിന്റെ എന്തെല്ലാം സഹായങ്ങളാണ് കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരീലക്കുളങ്ങര, കനകക്കുന്ന് പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 100 രൂപ വീതം ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കനകക്കുന്ന് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് 11,55,000/- (പതിനൊന്നു ലക്ഷത്തി അമ്പത്ത അയ്യായിരം രൂപ) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) കണ്ടല്ലൂർ വില്ലേജിൽ റിസർവേ നമ്പർ 329/12ൽപ്പെട്ട 5 ആർ 10 ചതുരശ്ര മീറ്റർ സ്ഥലം കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നൽകാമെന്ന് കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly